
little KITEs
ലിയോറ
ഗവ . എച്ച് . എസ് . എസ്
നെയ്യാറ്റിൻകര
ഡിജിറ്റൽ മാഗസിൻ
CODING
CREATIVITY
INNOVATION

# മുഖമൊഴി



പ്രിയരെ,

നമ്മൾ ഇന്ന് കാണുന്ന ലോകം ഓരോ നിമിഷവും മാറിക്കൊണ്ടിരിക്കുന്നു. അതിവേഗം ചലിക്കുന്ന ഈ ലോകത്തിൽ, ഭാവി തലമുറ വാർത്തെടുക്കുന്ന വിദ്യാലയങ്ങളിൽ വിരിയുന്ന 'ലിയോറ'കളെ നിങ്ങളുടെ മുമ്പിലേക്ക് ഈ മാഗസിൻ എത്തിക്കുന്നു. കലയുടെ,സംസ്കാരത്തിന്റെ, സർഗ്ഗാത്മകതയുടെ ഒരു കലവറയാണ് ഈ മാഗസിൻ നിങ്ങൾക്കായി ഒരുക്കി വെച്ചിരിക്കുന്നത്. ഈ വായനാനുഭവത്തിലൂടെ 'ലിയോറ'യുടെ പ്രചോദനം ഉൾകൊള്ളാൻ ഏവർക്കും ആകട്ടെ എന്ന ആശംസിക്കുന്നു.

എന്ന് സ്നേഹപൂർവം,

ചീഫ് എഡിറ്റർ

സനൂഷ് ബി ഷിബു

# ഹെഡ്മാസ്റ്റർ സംസാരിക്കുന്നു....



ജ്യോതിഷ് ജി

നമ്മുടെ സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് ക്ലബ് വളരെ വിജയകരമായി പ്രവർത്തിച്ചുവരുന്നു. ഐടി പഠനത്തോട് കുട്ടികളെ കൂടുതൽ താൽപരരാക്കാൻ ക്ലബ്ബിന് കഴിയുന്നുണ്ട്. 8, 9, 10 ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് കൂട്ടുകാർ സ്കൂളിലെ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യാനും മറ്റെല്ലാ കാര്യങ്ങളിലും മുന്നിലുണ്ട്. ഇവരുടെ കൂട്ടായ പ്രവർത്തനം സബ്ജില്ലയിൽ അവാർഡ് നേടുന്നതിന് കഴിഞ്ഞിട്ടുണ്ട്. 'ലിയോറ' എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയതിൽ ഞാൻ അഭിനന്ദനം അറിയിക്കുന്നു. ഇനിയും കൂടുതൽ ഉയരങ്ങളിൽ എത്താൻ ക്ലബ്ബിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

# ആശംസകൾ



ദിനേശ്

നമ്മുടെ വിദ്യാലയത്തിന്റെ യശസ്സുയർത്തുന്നതിൽ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് വഹിക്കുന്ന പങ്ക് അതിപ്രധാനമാണ്. 8, 9, 10 ക്ലാസുകളിലെ വിദ്യാർത്ഥികൾ ഐടി പഠനത്തോടൊപ്പം സ്കൂളിലെ പ്രവർത്തനങ്ങൾ കൃത്യമായി ഡോക്യുമെന്റ് ചെയ്യാനും മറ്റ് സാങ്കേതിക കാര്യങ്ങളിൽ നേതൃത്വം നൽകാനും കാണിക്കുന്ന താൽപ്പര്യം അഭിനന്ദനാർഹമാണ്.

സബ്ജില്ലാ ഐടി മേളയിലെ ഒന്നാം സ്ഥാനവും, തിരുവനന്തപുരം ജില്ലാ ഐടി മേളയിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടി നമ്മുടെ സ്കൂളിനെ ജില്ലയിലെ തന്നെ മികച്ച വിദ്യാലയമാക്കി മാറ്റിയതും ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെയും അവർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന അധ്യാപകരുടെയും കഠിനപ്രയത്നത്തിന്റെ ഫലമാണ്. സബ്ജില്ലാ തലത്തിൽ ക്ലബ്ബിന് ലഭിച്ച അംഗീകാരങ്ങൾ ഈ കൂട്ടായ പ്രവർത്തനത്തിനുള്ള പ്രതിഫലമാണ്.

സാങ്കേതികവിദ്യയുടെ ഈ കാലഘട്ടത്തിൽ കുട്ടികളുടെ സർഗ്ഗാത്മകത ഡിജിറ്റൽ രൂപത്തിൽ പുറത്തിറക്കുന്ന 'ലിയോറ' (Liora) എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു. നമ്മുടെ കുരുന്നുകൾ ഇനിയും കൂടുതൽ ഉയരങ്ങളിലെത്തട്ടെ എന്നും ഐടി മേഖലയിൽ പുതിയ വിപ്ലവങ്ങൾ സൃഷ്ടിക്കാൻ അവർക്ക് കഴിയട്ടെ എന്നും പ്രാർത്ഥിക്കുന്നു.

അഭിനന്ദനങ്ങളോടെ,

പിടിഎ പ്രസിഡന്റ് ,

ജി.എച്ച്.എസ്.എസ് നെയ്യാറ്റിൻകര

# സബ് എഡിറ്റർമാർ



റോഷിത് എസ്  സുനിൽ



അഭിനവ് ഗോപി



അഭിരാഗ് ജെ പി



ആര്യൻ ആർ കുമാർ

# കൈറ്റ് മിസ്ട്രസ്സുമാർ

ഞങ്ങളുടെ പ്രിയപ്പെട്ട ഷേവ ടീച്ചറും ശൈലജ ടീച്ചറും



# ഉള്ളടക്കം

1. ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ ഗുണങ്ങളും ദോഷങ്ങളും
2. എനിക്കുള്ളിലെ നരകത്തിൽ, ഏകനായി...
3. ഓർമ്മകൾ ഉലയ്ക്കുമ്പോൾ
4. കർണ്ണൻ
5. എന്റെ അപ്പൂപ്പന്റെ ഓർമ്മ
6. എന്റെ കേരളം
7. പിശുക്ക്
8. നോവെഴുത്തുകൾ
9. നിഗൂഢമായ കാടും അദൃശ്യമായ ഗുഹയും
10. SSLC Result
11. USS Result
12. NMMS Result
13. ലിറ്റിൽ കൈറ്റ്സ്
14. SPC
15. NCC
16. പ്രവേശനോത്സവം
17. സ്കൂൾ അസംബ്ലി
18. വായനാദിനം
19. സ്കൂൾ പ്രവർത്തനങ്ങൾ
20. സ്കൂൾ കലോത്സവം
21. ചാന്ദ്ര ദിനം
22. കായികോത്സവം
23. ടീച്ചേഴ്സ് ടീം
24. സ്കൂൾ വാർഷികം

# ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ ഗുണദോഷങ്ങൾ



ആര്യൻ ആർ കുമാർ
9A

ഇന്ന് നാം ഓരോരുത്തരും ജീവിക്കുന്നത്  സാങ്കേതിക വിദ്യയുടെ പുരോഗമന കാലഘട്ടത്തിലാണ്. സാങ്കേതിക വിദ്യയിൽ പലതരത്തിലുള്ള ഗുണങ്ങളും  ദോഷങ്ങളും അടങ്ങിയിട്ടുണ്ട്.

കുട്ടികളുടെ പഠനമികവ്, കലകൾ മുതിർന്നവർക്  മറ്റു പ്രധാന ആവശ്യങ്ങൾക്കും ഡിജിറ്റൽ സാങ്കേതിക വിദ്യ വളരെ ഉപകാര പ്രദമാണ്. അതുപോലെ തന്നെ കുട്ടികളെ മറ്റു മോശം വഴികളിലേക്ക് നയിക്കാനും അവരെ അതിൽ തന്നെ അടിമകളാക്കി അടച്ചു വയ്ക്കാനും ഈ ഡിജിറ്റൽ ഉപയോഗം കൊണ്ട് സാധിക്കും.

പല വ്യക്തികളും തന്റെ ആവശ്യങ്ങൾക്കും തട്ടിപ്പ് നടത്തി മറ്റുള്ളവരുടെ പണം മോഷ്ടിക്കാനും ഈ സാങ്കേതിക വിദ്യ ഉപയോഗിക്കാറുണ്ട്. ഇനി വരുന്ന കാലങ്ങളിൽ സാങ്കേതിക വിദ്യയുടെ  വളർച്ച കൂടുകയും മനുഷ്യർക്ക് പല ആവശ്യങ്ങൾക്കു ഉപയോഗ പ്രദമാകുന്ന രീതിയിലുള്ള ഉപകരണങ്ങൾ ഇനിയും ഒരുപാടുണ്ടാകുകയും നമ്മുടെ ലോകം ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ പല ഘട്ടങ്ങളിലും എത്തിപ്പെടാനും സാധ്യതയുണ്ട്.

എന്നാൽ  ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ പുരോഗമനം കാരണം  മനുഷ്യർക്ക് മടി കൂടുമോ എന്നാ ആശങ്കയും ഉടലെടുക്കുന്നു. കാരണം ഇന്നു തന്നെ പല സാങ്കേതിക ഉപകരണങ്ങൾ കൊണ്ടാണ് പല ഫേക്ടറികളും പ്രവർത്തിക്കുന്നത്. അതുകൊണ്ട് മനുഷ്യർക്ക് വലിയ ജോലികളൊന്നും ചെയ്യേണ്ട ആവശ്യം വരുന്നില്ല. ഇതെല്ലാം ഡിജിറ്റൽ സാങ്കേതിക വിദ്യ കൊണ്ടുണ്ടാകുന്ന മനുഷ്യരുടെ നല്ല ഗുണങ്ങളുടെയും ദോഷങ്ങളുടെയും ഉദാഹരണങ്ങളാണ്.

# എനിക്കുള്ളിലെ നരകത്തിൽ, ഏകനായി...

സന്തോഷ് ബി ഷിബു
9B

ചരിത്രത്തിന്റെ ഏതോ ഒരു നിഗൂഢമായ ഏടിൽ, ഭൂമിയിൽ ജീവജാലങ്ങളൊന്നുമില്ലാതിരുന്ന ഒരു കാലമുണ്ടായിരുന്നു. മരങ്ങളും ചെടികളും മാത്രമായിരുന്നു അന്നുണ്ടായിരുന്നത്. കണ്ണിന് കുളിർമയേകുന്നതായിരുന്നു ആ പച്ചപ്പ് നിറഞ്ഞ അന്തരീക്ഷമെങ്കിലും, അവിടുത്തെ കനത്ത നിശ്ശബ്ദത ഭയാനകമാംവിധം കാതുകളിൽ മുഴങ്ങിക്കൊണ്ടിരുന്നു.

എന്തൊരു ഏകാന്തതയാണിത്? ഞാൻ എന്തിനാണ് ഇങ്ങോട്ട് വരാൻ തീരുമാനിച്ചത്? മുത്തശ്ശന്റെ ടൈം മെഷീൻ കൊണ്ട് എടുത്തു ചാടിയത് ഒട്ടും ശരിയായില്ല. അതാണെങ്കിൽ ഇപ്പോൾ നല്ലൊരു അവസ്ഥയിലുമല്ല. അതൊരിക്കലും തൊട്ടുപോകരുതെന്ന് അദ്ദേഹം എനിക്ക് എത്രയോ തവണ താക്കീത് തന്നിട്ടുള്ളതാണ്. ഇതാ, ചരിത്രത്തിലെ ഏറ്റവും വിരസമായ ഒരിടത്ത് ഞാൻ ഇപ്പോൾ വന്ന് പെട്ടിരിക്കുന്നു.

ഹും... പറഞ്ഞിട്ടെന്ത് കാര്യം. കൈയിൽ ഉപകരണങ്ങളൊന്നുമില്ല, നന്നാക്കാൻ വേറെ വഴിയുമില്ല. ഈ പച്ചമരുഭൂമിയിൽ ഞാൻ എന്നെന്നേക്കുമായി തടവിലാക്കപ്പെട്ടിരിക്കുന്നു ഈ പച്ച നരകത്തിലൂടെ വെറുതെ അലഞ്ഞുതിരിയുകയല്ലാതെ എനിക്ക് മറ്റൊരു മാർഗ്ഗമില്ല. ഇവിടെയാണേൽ ഒരൊറ്റ ജീവന്റെ സ്പന്ദനം പോലുമില്ല.

ഏകാന്തതയല്ലാതെ മറ്റൊന്നും കണ്ടെത്താനാകാത്ത, വിഷാദം നിറഞ്ഞ ആ നടത്തത്തിനൊടുവിൽ ഞാൻ വീണ്ടും ടൈം മെഷീനിന്നരികത്തേക്ക് തന്നെ മടങ്ങിയെത്തി. ജീവനറ്റൊരു ശവം പോലെ അത് കിടന്ന കിടപ്പ് തന്നെ കിടക്കുകയാണ്. വഴിയിലുടനീളം പലവട്ടം ഞാൻ വിങ്ങിപ്പൊട്ടിപ്പോയിരുന്നു. രാപ്പകലുകൾ കടന്നുപോയതു പോലും ഞാൻ അറിഞ്ഞില്ല. ഇത്രയും ദുസ്സഹമായൊരു സാഹചര്യത്തിൽ, എന്റെ ഈ പശ്ചാത്താപത്തെ ഞാനെന്തിനാണ് വെറുമൊരു ഏകാന്തതയാക്കി മാറ്റി സ്വയം പീഡിപ്പിക്കുന്നത്?

നിൽക്കൂ... എന്റെ പശ്ചാത്താപത്തെ എനിക്ക് ഏകാന്തതയാക്കി മാറ്റാമെങ്കിൽ, എന്തുകൊണ്ട് അതിനെ സന്തോഷമാക്കി മാറ്റിക്കൂടാ? അങ്ങനെയെന്തെ ഞാനിതുവരെ ചിന്തിച്ചില്ല! 'ഞാൻ തനിച്ചല്ല, 'ഈ ഭൂമി മുഴുവൻ എനിക്കുള്ളതാണ്', 'ഇതൊരു പച്ചപ്പുനിറഞ്ഞ സ്വർഗ്ഗമാണ്... ഞാൻ എന്നോടു തന്നെ മന്ത്രിച്ചു.

ഒരുപക്ഷേ ഞാൻ അസന്തുഷ്ടനായിരിക്കില്ല; ഉള്ളിലെ യഥാർത്ഥ സന്തോഷത്തെ ഞാൻ മൂടിവെക്കുക മാത്രമായിരിക്കാം. ഈ 'പച്ചനരകം' വാസ്തവത്തിൽ അതീവ സുന്ദരമാണ്. ചുറ്റുമുള്ള മരങ്ങളും ചെടികളും എന്നോട് സംസാരിക്കുന്നതായി എനിക്ക് തോന്നി. അവ ശാഖകളുലച്ച് എന്റെ ഈ വിഡ്ഢിത്തം കണ്ട് ഉറക്കെ ചിരിക്കുകയായിരുന്നു. ഞാൻ തനിച്ചല്ല!

എന്റെ പഴയ ഓർമ്മകൾ കൺമുന്നിൽ തീർത്ത മൂടുപടം കൊണ്ടായിരിക്കാം ഈ ഹരിതസ്വർഗ്ഗത്തെ എനിക്ക് നരകമായി തോന്നിയത്. ഇതുപോലെ എത്രയെത്ര സ്വർഗ്ഗങ്ങളെയായിരിക്കും എന്റെ ചിന്തകൾ കൊണ്ട് ഞാൻ വെറും നരകങ്ങളാക്കി മാറ്റിയിട്ടുണ്ടാവുക.

എന്തൊരു മനോഹരമായ ലോകമാണിത്...

# കൂട്ടുകാരുടെ വരകൾ...









ജയസൂര്യ
6A



# ഓർമകൾ ഉലയ്ക്കുമ്പോൾ

ശ്രീജ ബിശ്വാസ്

' മാറ്റമില്ലാത്തത് മാറ്റത്തിനു മാത്രം'

എത്ര അർത്ഥവത്തായ വാചകം. കൃത്യമായി ഓർക്കുന്നില്ല. എങ്കിലും ഒരു കാര്യം തീർച്ചയാണ് ഞാൻ ഇവിടെ, ഈ സ്ഥലത്ത്, വന്നത് ഒരു ഇരുപതു വർഷം മുൻപാണ്.

ഇരുപതുവർഷങ്ങൾ ഇവിടെ വരുത്തിയ മാറ്റം ചെറുതൊന്നുമല്ല ! ഇപ്പോൾ ഇവിടം നന്നായി പുതുക്കിപ്പണിഞ്ഞിട്ടുണ്ട്.

അന്നൊക്കെ , ബസുവന്നോ? പോയോ? ഇനി എപ്പോഴാണ് അടുത്ത വണ്ടി? എന്തെങ്കിലും അറിയണമെങ്കിൽ വണ്ടികാത്തു വ്യാകുലപ്പെട്ടു നിൽക്കുന്നവരോട് ചോദിക്കുകമാത്രമേ വഴിയുള്ളൂ.

സ്വസ്ഥമായി  ഒന്നിരിക്കാനോ നിൽക്കാനോ പോലും ഇടമില്ല; കൂടാതെ യാചകരുടെ ദയനീയ മുഖങ്ങൾ വേറെയും.

ഇന്ന്, ബസുകൾ വരു മ്പോഴും പോകുമ്പോഴും ആനൗൺസ്മെന്റ്, TV കാണാനുള്ള സൗകര്യം അങ്ങനെ അങ്ങനെ പലതും.

അന്ന് അതൊന്നുമില്ലായിരുന്നു എന്നുമാത്രമല്ല ഇന്നത്തേതു പോലെ അധികം ആളുകളും ശബ്ദകോലാഹലങ്ങളുമില്ല.

ഓർമ്മകളുടെ ചുഴിയിൽപ്പെട്ട് മനസ്സ് വട്ടംചുറ്റാൻ തുടങ്ങി.

ഉള്ളിൽ തീക്കൊള്ളി കൊണ്ടുതൊട്ട ആ സംഭവം വീണ്ടും മനസ്സിൽ പുകഞ്ഞു.

മരുഭൂമിയിൽ ഒരിക്കൽ കണ്ട കുന്ന് പിന്നീടൊരിക്കലും  കാണാനാവില്ല. അതുപോലെ ഞാനന്വേഷിക്കുന്നവരും. അവർ അവിടെ ഉണ്ടാവില്ല എന്നറിയാമായിരുന്നിട്ടും ഞാനവരെ അവിടെയെല്ലാം നോക്കി.

ഞാൻ എന്നോടുതന്നെ ചോദിച്ചു.
ആ സ്ത്രീ ആരെന്നറിയുമോ?
അവർ അന്നു തന്നെ പ്രസവിച്ചു കാണുമോ?

അതോ പ്രസവത്തിൽ എന്തെങ്കിലും സംഭവിച്ചിട്ടുണ്ടാകുമോ ?

ആ  പത്തുവയസ്സുകാരനിപ്പോൾ 30 വയസ്സായിട്ടുണ്ടാവും. ഞാനിന്ന് അവനെ കണ്ടാലറിയില്ല.

പക്ഷേ അവന്റെ, അന്നത്തെ അരക്ഷിതമായ മുഖം ഇന്നുമെന്റെ മനസ്സിലുണ്ട്.

ഒറ്റപ്പെടലും നിരാശയും സങ്കടവും അങ്ങനെ എന്തെല്ലാമോ കൂടിച്ചേർന്ന ഒരു മുഖഭാവമായിരുന്നു ആ കുട്ടിയ്ക്ക്.

അന്ന് കൂടെയുണ്ടായിരുന്ന അവന്റെ അമ്മൂമ്മ ഇപ്പോഴുണ്ടാകുമോ?
ഉണ്ടാകുമോ എന്തോ ? അന്നുതന്നെ അവർക്ക്
65 വയസ് തോന്നിക്കുമായിരുന്നു.

ഒന്നിനുമല്ലാതെ ഞാൻ വെറുതേ അവരെ നോക്കി നിന്നു.
നോക്കി നിന്നു എന്നു മാത്രല്ല ,അവരുടെ ബന്ധവും ഞാൻ ഊഹിച്ചെടുത്തു.
(മറ്റുള്ളവരുടെ ബന്ധം ഊഹിച്ചെടുക്കാൻ നമുക്ക് ആരുടേയും അനുവാദം വേണ്ടല്ലോ)

ആ ഗർഭിണിയായ സ്ത്രീയുടെ അമ്മയായിരിക്കണം ആ 65കാരി.
ആ പത്തുവയസ്സുകാരൻ ആഗർഭിണിയുടെ മകനായിരിക്കാം.

ആ സ്ത്രീയുടെ ഭർത്താവ്?
ആ പത്തുവയസ്സുകാരന്റെ അച്ഛനല്ലായിരിക്കാം ഇപ്പോഴത്തെഞ്ഞ ഗർഭത്തിനുത്തരവാദി.
ആ ഉത്തരവാദി ഇപ്പോൾ  ഉപേക്ഷിച്ചു പോയിട്ടുണ്ടാവും

ഇങ്ങനെ ഓരോന്നു മെനഞ്ഞു കൂട്ടി നിൽക്കുമ്പോൾ,
ആ ഗർഭിണിയായസ്ത്രീ പല്ലു ഞെരിച്ചുകൊണ്ട് , അവരുടെ  പുറകിൽ ഒതുങ്ങി നിൽക്കുകയായിരുന്ന പത്തുവയസ്സുകാരനോട് എന്തോ പുലമ്പുന്നു. ശബ്ദം താഴ്ത്തി അവനോട് എന്തോ ആവശ്യപ്പെടുകയാണെന്ന് വ്യക്തം.

അവൻ അവരെ ഭയന്നിരുന്നുവെങ്കിലും, എന്തോ തീരുമാനിച്ചുറപ്പിച്ചതുപോലെ തന്നെനിന്നു.
ഗർഭിണിയായ സ്ത്രീയുടെ അമ്മ രണ്ടു പേരെയും മാറി മാറി നോക്കുന്നു. മൂന്നു പേരിലും സംഘർഷത്തിന്റെ പിരിമുറുക്കം.

തന്റെ ക്ഷീണവും വയ്യായ്കയും ദേഷ്യവും പ്രകടിപ്പിച്ചു കൊണ്ടവർ വീണ്ടും ആ കുട്ടിയോട് എന്തോ ചോദിച്ചു കൊണ്ടിരുന്നു.
പക്ഷേ അവൻ കല്ലുപോലെ നിന്നു.

അതിനിടയിൽ ഒരു ബസ് പുകയും പൊടിയും പറത്തിക്കൊണ്ടവിടേക്കുവന്നു.
വളരെ ബുദ്ധിമുട്ടി അതിന്റെ ബോഡ് വായിക്കാൻ ശ്രമിക്കുന്നതിനിടയിൽ ഞെട്ടിക്കുന്നൊരു ശബ്ദവും നിലവിളിയും.

പത്തുവയസ്സുകാരന്റെ തായിരുന്നു ആ നിലവിളി.

പടക്കം പൊട്ടുന്നതുപോലെയുള്ള ശബ്ദം, അവന്റെ കുഞ്ഞുചെകിട്ടിൽ ഗർഭിണിയായ ആ അമ്മ ആഞ്ഞടിച്ചതിന്റെതും.

നീ ഈ കൊച്ചിനെയിങ്ങനെ കൊല്ലാക്കൊല ചെയ്യാതെ ടീ എന്നു പറഞ്ഞു കൊണ്ട് അമ്മൂമ്മ,

കുഞ്ഞുചെവി പൊത്തിപ്പിടിച്ചു താഴെയിരുന്നു കരയുന്ന ആ കുട്ടിയെ ചേർത്തുപിടിച്ചു.

"പെറാൻ ആശൂത്രിയിൽ പോകാൻ നിൽക്കുന്ന ഞാൻ ഇത്രനേരമായിട്ടും ഒരു തുള്ളി വെള്ളം പോലും കുടിച്ചിട്ടില്ല.
വല്ലതും വാങ്ങി കഴിക്കാൻ എന്റെ കൈയിൽ പത്തുപൈസയുമില്ല.

അവന്റെ കൈയിലിരിക്കുന്ന ഇരുപതുരൂപ ചോദിച്ചപ്പോൾ... പട്ടി...തരൂല്ലാന്ന് ."

ആ ഗർഭിണി ആരോടെന്നില്ലാതെ അലയ്ക്കാനും പറയാനും തുടങ്ങി.

"കൊച്ചാണെങ്കിലും അവൻ, കഷ്ടപ്പെട്ടുണ്ടാക്കി കൂട്ടിവെച്ചതാണാ പൈസ. നീയിങ്ങനെ എതു നേരവും അവനെ കടിച്ചു കീറാൻ നിന്നാൽ ......"

വിശപ്പും സ്നേഹവും തമ്മിലുള്ള കടിപിടിയിൽ സ്നേഹം ദയനീയമായി പരാജയപ്പെടുകയായിരുന്നു.
പൊടിപറത്തി വന്ന ബസിൽ കയറി ഞാൻ യാത്രയായെങ്കിലും ആ കുഞ്ഞ് ചെകിടും വിശന്നുപൊരിയുന്ന ആ നിറവയറും എന്നിൽ, ഒരു അരണ്ട നൊമ്പരമായി അവശേഷിച്ചു.


വർഷങ്ങൾക്കു ശേഷം, ഇതെല്ലാം ഓർത്ത് അവിടെ നിൽക്കുമ്പോൾ എന്റെ കൈയിൽ ഒരു തണുത്ത സ്പർശം.

ക്ഷീണിതയായ ഒരു നാടോടി യുവതി. അവരുടെ കൈയിൽ, തളർന്നു മയങ്ങിക്കിടക്കുന്ന ഒരു കുഞ്ഞും ഉണ്ടായിരുന്നു. ആ വരണ്ട കുഞ്ഞു മുഖത്തേക്ക് വെയില് ആഞ്ഞു പതിക്കുന്നുണ്ട്. എങ്കിലും ഒന്നുമറിയാതെ ആ കുട്ടി അവരുടെ കൈയിൽ മയങ്ങിക്കിടക്കുന്നു.

മയങ്ങിയതോ? അതോ 'മയക്കിക്കിടത്തിയതോ?'ഒന്നുമറിയില്ല .
പക്ഷേ ,ഒന്നു മനസ്സിലായി.

മാറ്റമില്ലാത്തതു മാറ്റത്തിനു മാത്രമല്ല പിന്നെ, വിശപ്പും മാറ്റമില്ലാതെ ഇന്നും നിലവിളിയ്ക്കുന്നുവെന്ന് .


# കൂട്ടുകാരുടെ വരകൾ...






അശ്വിൻ ജിത്ത്
6A







ആരോൺ
5A

# കർണ്ണൻ



വിഘ്നേഷ് വി ആർ
6A

അന്ന് ട്യൂഷനിൽ നിന്നാണ് തുടക്കം.

പതിവ് പോലെ എന്നും രാവിലെ ട്യൂഷൻ ക്ലാസ്സിൽ എത്തി ചേച്ചി ക്ലാസിൽ പഠിപ്പിച്ചു. അവിടെയാണ് തുടക്കം.

" സൂര്യപുത്രന്റെ മകൻ കർണ്ണൻ അർജുനെ വെല്ലു വിളിച്ചു ചാടി വീണു ആ യുദ്ധത്തിൽ കർണ്ണൻ അർജുനനെ തൊൽപ്പിച്ചു. അവനെ അംഗം രാജാവ് ആക്കി " . വീട്ടിൽ വന്നു പക്ഷെ, കഥപക്തിയാണ് . ഈ പേര് ആന,കാർ അങ്ങനെ നിരവതി .

അമ്മ മൊത്തം കഥ പറഞ്ഞു . എന്റെ കണ്ണിൽ ഇരുട്ട് കേറി പെട്ടന്ന് ഒരു മനുഷ്യൻ നടന്ന് പോയി നോക്കിയപ്പോൾ അത് കർണ്ണൻ ആണ്. കർണ്ണന്റെ വിജയം എന്റെ കണ്ണ് മുന്നിൽ കണ്ടു.

# എന്റെ അപ്പൂപ്പന്റെ ഓർമ്മ



വേദാർഥ് എസ് ആർ
6A

ഈ വർഷം അപ്പൂപ്പന്റെ കല്ലറയിൽ പെയിന്റടിക്കാൻ അച്ഛൻ എന്നെയും അനിയത്തിയെയും കൂടെക്കൊണ്ടുപോയി. അച്ഛൻ കല്ലറയ്ക്ക് ചുറ്റുമുള്ള പുല്ല് വൃത്തിയാക്കി. ഞങ്ങൾ കല്ലറയ്ക്ക് മുകളിലെ മെഴുകുതിരി ഉരുകിയത് വൃത്തിയാക്കി, കല്ലറ വെള്ളമൊഴിച്ച് കഴുകി. ഇപ്പോൾ കല്ലറയിലെ മാർബിളിൽ എഴുതിയ വാക്ക് കുറച്ചുകൂടെ നന്നായി കാണാം.

ഞാനും അനിയത്തിയും ഒരിക്കൽ പോലും അപ്പൂപ്പനെ കണ്ടിട്ടില്ല, വീട്ടിലെ ചുമരിൽ ചിരിച്ചുകൊണ്ടിരിക്കുന്ന അപ്പൂപ്പൻ ഈ കല്ലറയ്ക്കുള്ളിൽ ഇരുന്ന് എല്ലാം കാണുന്നുണ്ടെന്ന് അമ്മ പറഞ്ഞിട്ടുണ്ട് ഞാനും അനിയത്തിയും ബ്രഷ് പെയിന്റിൽ മുക്കി, അതൊരു രസമായിരുന്നു. ഞങ്ങൾ പെയിന്റടിച്ചു തുടങ്ങി അച്ഛൻ ഇടയ്ക്കിടയ്ക്ക് ഉടുപ്പിൽ പെയിന്റ് ആവാതെ നോക്കണേ എന്ന് പറഞ്ഞുകൊണ്ടിരുന്നു.

കുറച്ച് സമയം കഴിഞ്ഞപ്പോൾ ഞങ്ങൾ പെയിന്റടിച്ചു തീർന്നു. അച്ഛൻ പറഞ്ഞു. ഇനി എല്ലാ വർഷവും ഞങ്ങൾ കല്ലറയും പരിസരവും വൃത്തിയാക്കി പെയിന്റടിക്കണം. ഞാൻ അനിയത്തിയെ നോക്കി. എന്റെ അച്ചാച്ചനെപ്പോലെ എനിക്കൊരു അപ്പൂപ്പനും ഉണ്ടായിരുന്നു.



ലീന എസ്

# എന്റെ കേരളം

കുളിരണിയും വർണ്ണപുഷ്പങ്ങളും
കുളിരേകും പുഴയും തോടും
ആനന്ദമേകും പച്ചപ്പുൽമേടും
സുഗന്ധം പരത്തും കാറ്റും
അമൃതം ചൊരിയും പുഷ്പങ്ങളും
സുന്ദരമാണെന്റെ കേരളം......
സുന്ദരമാണെന്റെ കേരളം.......

കാടും മേടും തൊടിയും മലയും
കുയിലും  മയിലും കുരുവിയും
കായലോരവും കാട്ടരുവിയും
കാട്ടുപ്പൂഞ്ചോലയും കുളിർക്കാറ്റും
കായലോളവും കളിവഞ്ചിയും
വഞ്ചിപ്പാട്ടും വള്ളംകളിയും
സുന്ദരമാണെന്റെ കേരളം......
സുന്ദരമാണെന്റെ കേരളം.......

കേരളം നിറയെ കേരവൃക്ഷങ്ങളും
കേളികൊട്ടിയാടും അമ്പലമുറ്റവും
ക്രിസ്മസും റംസാനും ഓണവും
മതേതര ആഘോഷമാക്കിടും
സുന്ദരമാണെന്റെ കേരളം......
സുന്ദരമാണെന്റെ കേരളം........

കളരിപ്പയറ്റും കഥകളിയും
മദ്ദളവും  ചെണ്ടമേളവും
ആനയും അമ്പാരിയും വാദ്യങ്ങളും
കുടമാറ്റവും തൃശൂർ പൂരവും

അരങ്ങുതകർക്കും നാടകങ്ങളും
സുന്ദരമാണെന്റെ കേരളം......
സുന്ദരമാണെന്റെ കേരളം.......

അനുഷ്ഠാനകലകളും ക്ഷേത്രകലകളും
കൂത്തും കൂടിയാട്ടവും
നാടൻകലകളും നാടോടിനൃത്തവും
സുന്ദരമാണെന്റെ കേരളം.......
സുന്ദരമാണെന്റെ കേരളം......

കണികാണുവാൻ കണിക്കൊന്നയും പൂത്തുനില്ക്കും തെച്ചിയും മുല്ലയും
നയന മനോഹര മന്ദാരവും
സുന്ദരമാണെന്റെ കേരളം........
സുന്ദരമാണെന്റെ കേരളം .........

# കൂട്ടുകാരുടെ വരകൾ...

അബിയാ ബി എസ്
7A













# പിശുക്ക്

അർഷിത്ത് കൃഷ്ണ
6A

ഒരിക്കൽ ഒരാൾ പിശുക്ക് പഠിക്കാൻ ഒരു
ഗുരുവിനെ സമീപിച്ചു. ഗുരു പറഞ്ഞു "ഇവിടെ ഗുരുകുല വിദ്യാഭ്യാസമാണ്".
ശിഷ്യൻ അംഗീകരിച്ചു .

അങ്ങനെ പഠനം ആരംഭിച്ചു . നല്ല ഇരുട്ടുള്ള രാത്രിയിൽ കഥകൾ
പറഞ്ഞിരിക്കെ, ഗുരു പറഞ്ഞു... കഥ പറയാൻ എന്തിനാ വെളിച്ചം .
വിളക്കണയിക്കുക എണ്ണ  പിശുക്കാമല്ലോ.

ഒരു ഒച്ച കേട്ട് ഗുരു വിളക്ക് തെളിക്കാൻ തുടങ്ങവേ ശിഷ്യൻ
പറഞ്ഞു ഗുരുവേ , ഒരു നിമിഷം..
ഞാൻ മുണ്ട് ധരിച്ചോട്ടെ...

ഇരുട്ടത്ത് എന്തിനാ മുണ്ട് ചെളി
പുരളാതെ ഞാനത് അഴിച്ചു മടക്കിവെച്ചിരുന്നു

രാവിലെ ഉണർന്ന് ഗുരു പറഞ്ഞു "നിന്റെ പഠിത്തം പൂർത്തിയായി. ഇനി ഒന്നും
പഠിക്കാനില്ല... നിനക്ക് പോകാം."



# നോവെഴുത്തുകൾ

പ്രദീപ് ആനന്ദ്

വാക്കുകൾ കിട്ടാതെന്തു-
കുത്തി ഞാൻ കുറിക്കുമീ-
ജീവിതച്ചുമരിന്റെ-
ചതുരക്കള്ളിയ്ക്കുള്ളിൽ!

ഒരിക്കൽപ്പോലും മെല്ലെ-
നിൽക്കാതെ; മൃദുലമാ-
യൊന്നെന്നെത്തൊടാതെന്തേ
മിന്നിമായുന്നൂ വർണം?


ഒളിഞ്ഞും പയ്യെപ്പയ്യെ-
ത്തെളിഞ്ഞും മറുവാക്കി-
ലുടഞ്ഞും നിന്നെത്തന്നെ-
ത്തൊടുവാനായുന്നു ഞാൻ!

മിഴിയൊന്നടയ്ക്കുമ്പോ-
ളെഴുത്തിൽ തെഴുത്തോരെൻ-
ഹൃദയാകാശത്തിങ്കൽ-
നൂപുരം കിലുക്കുന്നു!

എങ്കിലുമെന്തേയെന്നിൽ
നിങ്ങളെപ്പുണർന്നൊരാ-
ലസിതോൻമാദത്തിന്റെ-
പൂത്തിരി കത്തുന്നീല?

വെളിച്ചം കൊതിച്ചു ഞാ-
നിക്കടലാസിൻ മുന്നിൽ
ഒഴിഞ്ഞ ശിരസ്സുമാ-
യിപ്പൊഴും മരുവുന്നു !


# കൂട്ടുകാരുടെ വരകൾ...




കൈലാസ് വി ജെ , 6C



ശിവറാം എം സി , 6A



ആര്യാദേവ് എ പി , 8 B




നാഗശ്രീ , 7A



# നിഗൂഢമായകാടും അദൃശ്യമായ ഗുഹയും

ശിവറാം എം സി
6A

പശ്ചിമഘട്ടത്തിന്റെ നിബിഡമായ വനത്തിനുള്ളിലായിരുന്നു രാഹുലും കൂട്ടുകാരും. ഇതുവരെ പോയിട്ടില്ലാത്ത ഒരു പുരാതന ഗുഹ തേടിയാണ് അവർ ഇറങ്ങി തിരിച്ചത്.
കയ്യിലുള്ള മാപ്പ് അനുസരിച്ച് അവർ ഒരു വലിയ വെള്ളച്ചാട്ടത്തിന് അടുത്തെത്തി. പെട്ടെന്ന് കാടിനുള്ളിൽ നിന്ന് ഒരു വിചിത്രമായ ശബ്ദം കേട്ടു.

പക്ഷികൾ കൂട്ടത്തോടെ പറന്നുയർന്നു. രാഹുൽ തന്റെ ടോർച്ച് തെളിച്ചു. പാറക്കൂട്ടങ്ങൾക്കിടയിൽ പാറയിൽ പിടിച്ചു കിടക്കുന്ന ഒരു വലിയ കവാടം അവൻ കണ്ടു. "ഇത് തന്നെയാകുമോ ആ ഗുഹ?" അവന്റെ കൂട്ടുകാരി അഞ്ജലി പേടിയോടെ ചോദിച്ചു. രാഹുൽ മുന്നോട്ട് നടന്നു.
ഗുഹയുടെ ഉള്ളിൽ നിന്ന് തണുത്ത കാറ്റും അതോടൊപ്പം ചന്ദനത്തിന്റെ മണവും വരുന്നുണ്ടായിരുന്നു. അവൻ അകത്തേക്ക് ഓരോ ചുവടും വെക്കുമ്പോൾ പിന്നിൽ ആ കവാടം പതുക്കെ അടയുന്ന ശബ്ദം കേട്ടു. ആ ഗുഹയുടെ കവാടം അടഞ്ഞെങ്കിലും രാഹുലും അഞ്ജലിയും തളർന്നില്ല. അവർ ടോർച്ച് തെളിച്ച് അകത്തേക്ക് നടന്നു.

ഗുഹയുടെ ഭിത്തികളിൽ പണ്ട് ആരോ വരച്ചു വെച്ച വിചിത്രമായ ചിത്രങ്ങൾ ഉണ്ടായിരുന്നു. സ്വർണ്ണനിറത്തിൽ തിളങ്ങുന്ന ആ ചിത്രങ്ങൾ ഒരു കഥ പറയുന്നത് പോലെ അവർക്ക് തോന്നി. പെട്ടെന്ന് ഗുഹയുടെ തറ കുലുങ്ങാൻ തുടങ്ങി.
രാഹുൽ തന്റെ ടോർച്ച് ഭിത്തിയിലെ ഒരു വലിയ കല്ലിൽ തട്ടിച്ചു.

ആ വലിയ കല്ല് ഒരു വാതിൽ പോലെ തനിയെ തുറന്നു വന്നു. അവർ കണ്ണുകൾ ചിമ്മി ആ പ്രകാശത്തിലേക്ക് നോക്കി. അവിടെ കണ്ടത് അവർ സ്വപ്നത്തിൽ പോലും വിചാരിക്കാത്ത ഒന്നായിരുന്നു.

ഒരു കാവൽക്കാരൻ, വെള്ള വസ്ത്രം ധരിച്ച് കയ്യിൽ തിളങ്ങുന്ന ഒരു വടിയേന്തിയ ഒരു വൃദ്ധൻ. ആ വൃദ്ധൻ അവരുടെ അടുത്തേക്ക് നടന്നു വന്നു. അദ്ദേഹത്തിന്റെ കണ്ണുകളിൽ ഒരു പ്രത്യേക തിളക്കമുണ്ടായിരുന്നു.

"സ്വാഗതം സാഹസികരെ," ആ വൃദ്ധൻ ശാന്തമായ സ്വരത്തിൽ പറഞ്ഞു. "എന്റെ പേര് സൂര്യദത്തൻ. നൂറ്റാണ്ടുകളായി ഈ സുവർണ്ണ നഗരത്തിന്റെ കാവൽക്കാരനാണ് ഞാൻ. നിങ്ങളിവിടെ എത്തിയത് വെറുതെയല്ല."
രാഹുലും അഞ്ജലിയും പരസ്പരം നോക്കി.
അവർക്ക് വിശ്വസിക്കാനായില്ല. സൂര്യദത്തൻ തന്റെ കയ്യിലുള്ള തിളങ്ങുന്ന വടി നിലത്ത് അടിച്ചു. ഉടനെ അന്തരീക്ഷത്തിൽ ഒരു മാന്ത്രിക ചിത്രം തെളിഞ്ഞു വന്നു. അതിൽ കറുത്ത പുകയൊഴുകുന്ന ഒരു മല കാണാമായിരുന്നു.

"നമ്മുടെ ഈ നഗരത്തിന്റെ ജീവനായ നീലക്കല്ല് ദൂരെയുള്ള ഇരുണ്ട മലയിലെ ഒരു രാക്ഷസൻ മോഷ്ടിച്ചു കൊണ്ടുപോയി. അത് തിരികെ എത്തിച്ചില്ലെങ്കിൽ ഈ നഗരം എന്നെന്നേക്കുമായി അപ്രത്യക്ഷമാകും, പിന്നെ ശിലയായി മാറുകയും ചെയ്യും. നിനക്ക് മാത്രമേ അത് വീണ്ടെടുക്കാൻ കഴിയൂ രാഹുൽ."
വൃദ്ധൻ അവർക്ക് രണ്ട് വസ്തുക്കൾ നൽകി. ഒരു മാന്ത്രിക കോമ്പസ് - ഇത് ലക്ഷ്യസ്ഥാനത്തേക്ക് വഴി കാണിക്കും. പിന്നെ ഒരു അദൃശ്യ പുതപ്പ് - ആപത്ത് വരുമ്പോൾ ഒളിച്ചിരിക്കാൻ ഇത് സഹായിക്കും. "പക്ഷേ സൂക്ഷിക്കണം," സൂര്യദത്തൻ മുന്നറിയിപ്പ് നൽകി. "ആ മലയിലേക്കുള്ള വഴിയിൽ വന്യമൃഗങ്ങളും ചതിക്കുഴികളും ഉണ്ട്, സൂക്ഷിക്കുക."

അവർ യാത്ര തുടർന്നു. സൂര്യദത്തൻ കാണിച്ചു കൊടുത്ത വഴിയിലൂടെ അവർ പതുക്കെ നടന്നു.
കാടിന്റെ നടുവിലൂടെ ശാന്തമായി ഒഴുകുന്ന ഒരു പുഴയുടെ അരികിൽ അവർ എത്തി. അവിടെ മനോഹരമായി കൊത്തുപണികൾ ചെയ്ത ഒരു ചെറിയ തടി തോണി കാത്തു കിടപ്പുണ്ടായിരുന്നു.

"നമുക്ക് ഇതിൽ പോകാം," രാഹുൽ പറഞ്ഞു. അഞ്ജലിക്ക് അല്പം പേടിയുണ്ടായിരുന്നു എങ്കിലും അവൾ തോണിയിൽ കയറി. അവർ തുഴയാൻ തുടങ്ങി.
കണ്ണാടി പോലെ തെളിഞ്ഞതായിരുന്നു വെള്ളം; അടിയിലുള്ള മീനുകളെ വരെ കാണാമായിരുന്നു.

പക്ഷേ പെട്ടെന്ന് വെള്ളത്തിനടിയിൽ ഒരു വലിയ നിഴൽ പ്രത്യക്ഷപ്പെട്ടു. ആ നിഴൽ തോണിയെക്കാൾ വലുതായിരുന്നു. "രാഹുൽ സൂക്ഷിക്കൂ!" അഞ്ജലി നിലവിളിച്ചു.

വെള്ളം പെട്ടെന്ന് ഇരമ്പി മറിഞ്ഞു. ഒരു വലിയ തല വെള്ളത്തിൽ നിന്ന് മുകളിലേക്ക് ഉയർന്നുവന്നു. അതൊരു സാധാരണ മീനല്ലായിരുന്നു; സ്വർണ്ണനിറത്തിലുള്ള ചെതുമ്പലുകളും ചുവന്ന കണ്ണുകളും ഉള്ള ഒരു ഭീമൻ മത്സ്യം. അത് വായ തുറന്നപ്പോൾ കൂർത്ത പല്ലുകൾ വെട്ടിത്തിളങ്ങി.
തോണി മറിയാറായി. രാഹുലിന്റെ കയ്യിൽ സൂര്യദത്തൻ കൊടുത്ത അദൃശ്യ പുതപ്പും ആ കോമ്പസും ഉണ്ടായിരുന്നു.

രാഹുൽ മാന്ത്രിക കോമ്പസ് കയ്യിലെടുത്തു. ഉടനെ അതിൽ നിന്ന് നീല ലൈറ്റ് വന്നു. ചുവന്നിരുന്ന ആ ഭീമൻ മത്സ്യത്തിന്റെ കണ്ണ് പച്ചയായി മാറി. അത് ശാന്തനായി പറഞ്ഞു: "നിങ്ങൾ എന്റെ പുറത്ത് കയറൂ, ഞാൻ വേഗം അപ്പുറത്ത് എത്തിക്കാം." രാഹുൽ അതിന്റെ ദേഹത്ത് കയറി, അഞ്ജലിയും കയറി. അപ്പോൾ ആ മത്സ്യം പറഞ്ഞു: "വേഗം പോകാം." അവർ അപ്പുറത്തെത്തി.
ആ മത്സ്യം അവർക്ക് വേണ്ടി കാത്തു നിൽക്കാമെന്ന് പറഞ്ഞു. അവർ അവിടേക്ക് നടന്നു. അപ്പോഴാണ് അവിടെ രാക്ഷസന്റെ ആളുകൾ നിൽക്കുന്നത് കണ്ടത്. അവരുടെ കയ്യിൽ വലിയ ആയുധങ്ങൾ ഉണ്ടായിരുന്നു.
രാഹുലിനും അഞ്ജലിക്കും ഒരു ആശയം കിട്ടി. അവർ സൂര്യദത്തൻ നൽകിയ മാന്ത്രിക പുതപ്പ് എടുത്തു. അവർ അതിനുള്ളിൽ ഒളിച്ചു നടന്നു പോയി. ആ മലയുടെ അകത്ത് കയറിയപ്പോൾ രാക്ഷസന്റെ ശിഷ്യനായ പരുന്ത് അവരെ ആക്രമിക്കാൻ വന്നു.
രാഹുൽ തന്റെ കയ്യിലുണ്ടായിരുന്ന കോമ്പസ് എടുത്തു മുകളിലേക്ക് ഉയർത്തി. ആ പരുന്ത് ഉച്ചത്തിൽ കരഞ്ഞുകൊണ്ട് പറന്നുപോയി.
അവർ നീലക്കല്ല് എടുത്തു. ആൾക്കാരുടെ കണ്ണിൽപ്പെടാതെ ആ മാന്ത്രിക പുതപ്പിട്ട് ഒളിച്ചുപോയി. ആ മത്സ്യം അവിടെത്തന്നെ ഉണ്ടായിരുന്നു. അവർ മത്സ്യത്തിന്റെ പുറത്ത് കയറി തിരിച്ചുപോയി. ആ രാക്ഷസന്റെ സാമ്രാജ്യം തകർന്നടിഞ്ഞു.

അവർ സൂര്യദത്തന്റെ കയ്യിൽ നീലക്കല്ല് തിരികെ കൊടുത്തു. സൂര്യദത്തൻ പറഞ്ഞു: "നിങ്ങൾ ഈ മാന്ത്രിക ലോകത്തെ രക്ഷിച്ചു, നന്ദി." അവർ തിരിച്ചു നടന്നപ്പോൾ സൂര്യദത്തൻ പറഞ്ഞു: "നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും ഇവിടെ വരാം." അവർ സന്തോഷത്തോടെ യാത്രയായി.

# കൂട്ടുകാരുടെ വരകൾ...



നിരഞ്ജൻ , 7C

എലൻ ഡി പി , 9A



# വിജയഗാഥകൾ

നമ്മളുടെ സ്കൂളിന്റെ അഭിമാന നേട്ടങ്ങൾ

## SSLC 2025-26

## Govt.HSS Neyyattinkara

### SSLC Full A+


കൈലാസ് എം.എ


ദർശൻ എസ്.ഇ


ഹൃദയ് വിപിൻ


നോയൽ ജേക്കബ് എസ്.ഡി


അബിൻ രാജ് ജെ.ജെ


അശ്വിൻ കൃഷ്ണ ബി


എബിൻ ജോൺ ആർ


റോഷിത് എസ് സുനിൽ

# USS Results


OUR PROUD WINNERS
USS 2026
GIFTED
NIRANJAN S ANEESH
ANANDHU B
ABHINAND NANDAN
HAREENDRANATH J U
Congratulations
Congratulations
Congratulations
Congratulations
GOVT HSS
NEYYATTINKARA

# *NMMS Results*



# ലിറ്റിൽ കൈറ്റ്സ്


KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
little KITEs
GHSS NEYYATTINKARA
SELECTED FOR
LITTLE KITES DISTRICT CAMP
Congratulations
NADAL JITH L
(PROGRAMMING)
SANOOSH B SHIBU
(ANIMATION)

## IT മേള !!!



തിരുവനന്തപുരം ജില്ല
കേരള സ്കൂൾ
ശാസ്ത്രോത്സവം
2025-26
TERIN R P
IT Fair
Category: HS
SCRACH PROGRAMMING
3rd place A GRADE
GHSS NEYYATTINKARA
Congratulations
അഭിനന്ദനങ്ങൾ




തിരുവനന്തപുരം ജില്ല
കേരള സ്കൂൾ
ശാസ്ത്രോത്സവം
2025-26
JITHENDRA NATH J U
IT Fair
Category: HS
WEB PAGE DESIGNING
A GRADE
GHSS NEYYATTINKARA
Congratulations
അഭിനന്ദനങ്ങൾ

# IT മേള !!!



ജില്ലാതല IT മേളയിൽ ഒന്നാം സ്ഥാനം നേടിയ
സ്ക്കൂളിനുള്ള പുരസ്കാരം ഹെഡ്മാസ്റ്റർ
കൈമാറുന്നു

# IT ശില്പശാല @ Tinkering Lab









# LK ക്ലാസുകൾ









# ഡിജിറ്റൽ വിദ്യാഭ്യാസ ക്ലാസ്







# അവബോധ ക്ലാസുകൾ







# LK ബാച്ചുകൾ




*2025-28*
Batch




*202*4-27
Batch

# SPC

Passing out Cadets 2024-27 Batch






# NCC







# പ്രവേശനോത്സവം







# സ്ക്കൂൾ അസംബ്ലി







# വായനാദിനം















# സ്കൂൾ പ്രവർത്തനങ്ങൾ



പഠന
യാത്ര

സൂംബ
സെഷൻ





യോഗ
സെഷൻ

# സ്കൂൾ കലോത്സവം








# ചാന്ദ്ര ദിനം





# കായികോത്സവം



സംസ്ഥാന സ്ക്രൂൾ ഒളിമ്പിക്സ് സ്വർണ്ണ കിരീടം പര്യടനത്തിനിടെ നമ്മുടെ
സ്ക്രൂളിൽ എത്തിയപ്പോൾ



# ടീച്ചേഴ്സ് ടീം



# സ്കൂൾ വാർഷികം



# നന്ദി